പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6615

01-11-2011-ൽ മറുപടിയ്ക്ക്

# പനത്തുറക്കര പുലിമുട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ

ചോദ്യം : ശ്രീ.വി.ശിവൻകുട്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കര പുലിമുട്ട നിർമ്മാണ പദ്ധതിക്കായി ഭരണാനുമതി ലഭിച്ചതിനു ശേഷം നാളിതുവരെ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും വ്യക്തമാക്കുമോ; | (എ) നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കരയിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 14.9 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കോയമ്പത്തൂരിലെ കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുകയുണ്ടായി. പദ്ധതി റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 2010-ലെ നിരക്ക് പ്രകാരം പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രാകരം 25.55 കോടി രൂപയുടെ പരിഷ്കരിച്ച പദ്ധതി (2011-ലെ നിരക്ക് വർദ്ധനവ് കൂടി പ്രതീക്ഷിച്ച്) റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി തുക 15 കോടിയിൽ കൂടുതലായതിനാൽ പ്രസ്തുത റിപ്പോർട്ട് ഡൽഹിയിലെ കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം 2010-ലെ റിവൈസ്ഡ് നിരക്കുകൾ അനുസരിച്ച് പരിഷ്കരിച്ച 22.29 കോടി രൂപയുടെ റിപ്പോർട്ട് കേന്ദ്ര ജല കമ്മീഷൻ, ന്യൂഡൽഹിയിലേക്ക് സമർപ്പിക്കുന്നതിനായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) അവയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സ്വീകരിച്ച നടപടികളുടെ കലണ്ടർ ഓഫ് ഇവന്റ്സ് ലഭ്യമാക്കുമോ? | (ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടികളുടെ കലണ്ടർ ഓഫ് ഇവന്റ്സ് താഴെ ചേർക്കുന്നു.<br>(1) 17-08-2009-ലെ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ കത്ത് പ്രകാരം പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള 15 കോടിയുടെ പദ്ധതി ചീഫ് എഞ്ചിനീയറുടെ ആഫീസിൽ സമർപ്പിച്ചു. ഇത് ഡയറക്ടർ, കേന്ദ്ര ജല കമ്മീഷൻ, കോയമ്പത്തൂരിനും സംസ്ഥാന സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾക്കും സമർപ്പിച്ചു. |

(2) 20-11-2009 ന് സംസ്ഥാന സാങ്കേതിക ഉപദേശക സമിതിയുടെ മീറ്റിംഗ് തിരുവനന്തപുരത്ത് ജല വിജ്ഞാന ഭവനിൽ നടന്നു. ഈ സമിതി ചില മാറ്റങ്ങൾക്ക് വിധേയമായി ഈ പദ്ധതി അംഗീകരിച്ചു.

(3) സാങ്കേതിക ഉപദേശക സമിതിയുടെ നിർദേശപ്രകാരം പദ്ധതി റിപ്പോർട്ട് പരിഷ്കരിച്ച് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർ 05-02-2010-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ സമർപ്പിച്ചു.

(4) പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് ചീഫ് എൻജിനീയറുടെ ആഫീസിൽ നിന്ന് 08-02-2010-ലെ കത്ത് പ്രകാരം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(5) Flood Management Programme -ൽ കേന്ദ്ര സഹായം ലഭിക്കണം എങ്കിൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ആവശ്യമാണ്. ആയതിനാൽ 17-[illegible]-2010-ൽ പ്രസ്തുത പദ്ധതിക്ക് 14.90 കോടി രൂപയുടെ ഭരണാനുമതി G.O(Rt) No.704/10/WRD നമ്പർ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി.

(6) 22-06-2010 ലെ കോയമ്പത്തൂരിലെ കേന്ദ്ര ജലകമ്മീഷൻ ഡയറക്ടറുടെ കത്ത് മുഖാന്തിരം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(7) 22-06-2010 ലെ 3206/IR2/2010/WRD നമ്പർ സർക്കാർ കത്ത് മുഖാന്തിരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു.

(8) കേന്ദ്ര ജല കമ്മീഷൻ ആവശ്യപ്പെട്ട അധിക വിവരങ്ങൾ 09-09-2010-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സർക്കാരിന് ലഭിച്ചു.

(9) 19-11-2010-ൽ പ്രസ്തുത വിവരങ്ങൾ കോയമ്പത്തൂരിലെ കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയുണ്ടായി.

(10) 03-12-2010-ലെ കേന്ദ്ര ജലകമ്മീഷൻ ഡയറക്ടറുടെ കത്ത് പ്രകാരം താഴെ പറയുന്ന അധിക വിവരങ്ങൾ ഉൾപ്പെടുത്തി നൽകുവാൻ ആവശ്യപ്പെട്ടിരുന്നു.

1) 2010 schedule of rate പ്രകാരംവിശദമായ പദ്ധതി റിപ്പോർട്ട് പുതുക്കുക

2) Benefit Cost Ratio അതിനനുസൃതമായി പുതുക്കുക

3) Yearwise Budget allocation സമർപ്പിക്കുക

4) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയ flood damage data സമർപ്പിക്കുക

5) പുലിമുട്ടുകളുടെ വ്യക്തമായ cross sections സമർപ്പിക്കുക

(11)2010-ലെ നിരക്ക് പ്രകാരം 25.38 കോടി രൂപയുടെ പരിഷ്കരിച്ച റിപ്പോർട്ട് (2011-ലെ നിരക്ക് വർദ്ധനവ് കൂടി പ്രതീക്ഷിച്ച്).ചീഫ് എഞ്ചിനീയറുടെ ആഫീസിൽ 27-06-2011-ൽ ലഭിക്കുകയും പ്രസ്തുത റിപ്പോർട്ട് 04-07-2011-ൽ കോയമ്പത്തൂരിലെ ജലകമ്മീഷനിലേക്ക് അയക്കുകയും ചെയ്തു. പുതിയ വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം ഉള്ള എസ്റ്റിമേറ്റ് തുകയിൽ Benefit Cost Ration (BCR). Flood Management Data -കൾ കൊണ്ട് അപര്യാപ്തമായി വന്നതിനാൽ പദ്ധതി പ്രദേശത്തെ Tourism Statistics ശേഖരിക്കുകയും ടൂറിസം റവന്യൂ നഷ്ടവും കണക്കാക്കി ജില്ലാ കളക്ടറേയും ടൂറിസം ഡിപ്പാർട്ട്മെന്റിനെയും ബോദ്ധ്യപ്പെടുത്തി certify ചെയ്ത് പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് കേന്ദ്ര ജല കമ്മീഷൻ പരാമർശിച്ച പോരായ്മകൾ പരിഹരിച്ചാണ് സമർപ്പിച്ചത്.

(12) പദ്ധതിയുടെ പരിഷ്കരിച്ച തുക 25.38 കോടി രൂപ ആയതിനാൽ പ്രസ്തുത റിപ്പോർട്ട് ന്യൂഡൽഹിയിലെ കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുവാൻ 16-08-2011-ലെ കത്ത് പ്രകാരം കേന്ദ്ര ജല കമ്മീഷൻ . കോയമ്പത്തൂർ , ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.

(13) 12-10-2011-ൽ പ്രസ്തുത റിപ്പോർട്ട് Revised Schedule of Rate. 2010 പ്രകാരം പരിഷ്കരിക്കുകയും 22.29 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട്, കേന്ദ്ര ജല കമ്മീഷൻ, ന്യൂഡൽഹിയിലേക്ക് സമർപ്പിക്കുന്നതിനായി 14-10-2011-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ